# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/104/2018 2018 മെയ് 17

## പത്രക്കുറിപ്പ്

### പരീക്ഷാ തീയതി

ആറാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി & 2010-2013 അഡ്മിഷൻ സപ്ലിമെന്ററി) - എനർജി എഞ്ചിനീയറിംഗ്, ഫൈനൈറ്റ് എലമെന്റ് അനാലിസിസ് എന്നീ പേപ്പറുകളുടെ പരീക്ഷകൾ മെയ് 30ന് നടക്കും.

### അപേക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.എസ്.സി., സി.ഇ. & എൻ.ടി. (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് & നെറ്റ്‌വർക്ക് ടെക്നോളജി - 2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 29 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 19 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

### പ്രാക്ടിക്കൽ

ഒന്നും നാലും വർഷ (ഫസ്റ്റ് & ഫൈനൽ) ബി.എഫ്.എ. (റഗുലർ/സപ്ലിമെന്ററി) ജൂൺ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിൽ ജൂൺ 21 മുതൽ ജൂലൈ 20 വരെ നടത്തും.

### എം.ബി.എ. പ്രവേശനം

2018-19 അദ്ധ്യയനവർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള അപേക്ഷകൾ ജൂലൈ 13 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

### വൈവാവോസി

പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ തിസിസ് ഇവാല്യുവേഷനും വൈവാവോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ മെയ് 21 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. അപേക്ഷകർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 100/- രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### പരീക്ഷാഫലം

2017 മാർച്ച് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ.ജെ.എം.സി. പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 1 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ അവസാന വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം റഗുലർ) പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ എസ്.എം.ഇ.യിലെ ഹബീബ കെ.എസ്., ഉമ ഇന്ദുചൂഡൻ, ആതിര കെ. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി, ബയോകെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 31 വരെ അപേക്ഷിക്കാം.

**പ്രിൻസിപ്പൽമാരുടെ യോഗം**

ബി.ടെക് എട്ടാം സെമസ്റ്റർ (റഗുലർ & സപ്ലിമെന്ററി), ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ് സെമസ്റ്റർ (സപ്ലിമെന്ററി) മെയ്/ജൂൺ 2018 പരീക്ഷയുടെ മൂല്യനിർണ്ണയ പ്രക്രിയയുടെ നടത്തിപ്പിനെ സംബന്ധിച്ച് ആലോചിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരുടെയും പരീക്ഷാബോർഡ് ചെയർമാന്മാരുടെയും യോഗം മെയ് 21ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**